ഉത്തരം

(എ, ബി) കേസന്വേഷണം തുടരുകയാണ്. അറസ്റ്റ് ഒന്നും ഇതുവരെ നടന്നിട്ടില്ല.

ഹമീദ് കൊലക്കേസിലെ പ്രതികൾ

1190. [1626] ശ്രീ കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുറ്റ്യാടി പോലീസ് സ്റ്റേഷനതിർത്തിയിലുള്ള നമ്പോടൻ തണ്ടി ഹമീദ്എന്ന യുവാവിന്റെ കൊലപാതകം സംബന്ധിച്ച് ഉത്തരവാദികളായവരെ പിടികൂടുന്നതിലുള്ള കാലതാമസത്തിനുള്ള കാരണം എന്താണ് ?

ഉത്തരം

ഹമീദിനെ കൊലപ്പെടുത്തിയത് ആരാണെന്ന് കണ്ടുപിടിക്കാൻ അന്വേഷണം തുടരുകയാണ്.

ഇഞ്ചപ്പാറയിലെ കുറുമ്പ ലക്ഷ്മി എന്ന വൃദ്ധയുടെ പരാതി

1191. [1627] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടൽ വില്ലേജിൽ ഇഞ്ചപ്പാറ എന്ന സ്ഥലത്ത് മണ്ണിൽ മുരുപ്പേൽ വീട്ടിൽ കുറുമ്പ ലക്ഷ്മി എന്ന വൃദ്ധയായ സ്ത്രീ ജൂലായ് മാസം 5-ാം തീയതി അയച്ച ഒരു പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(ബി) പരാതിയിൽ ആവശ്യപ്പെട്ടിരിക്കുന്ന കാര്യം എന്താണെന്നു വ്യക്തമാക്കുമോ ;

(സി) യാതൊരു കാരണവുമില്ലാതെ ഈ സ്ത്രീയെ ദേഹോപദ്രവം ഏല്പിച്ച് അവരെ ആശുപത്രിയിലാക്കുവാനിടയായ ആക്രമികളുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കാൻ തയാറാകുമോ ;

(ഡി) ഈ സ്ത്രീ നൽകിയ പരാതിയിന്മേൽ എന്തെങ്കിലും നടപടി പോലീസുദ്യോഗസ്ഥൻമാർ കൈക്കൊണ്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എന്തു നടപടിയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാരിയെ ദേഹോപദ്രവമേല്പിച്ച അനിരുദ്ധൻ എന്ന ആളിന്റെ പേരിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി, ഡി) നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

(ഇ) പരാതിക്കാരിയെ ദേഹോപദ്രവമേല്പിച്ച സംഭവത്തിനു കുറ്റക്കാരനായ അനിരുദ്ധന്റെ പേരിൽ ഇ.സി.നി. 325-ാം വകുപ്പുപ്രകാരം ക്രൈം 102/85 നമ്പരായി കോന്നി പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്യുകയും 8-7-1985-ൽ പ്രതിയെ അറസ്റ്റ് ചെയ്യുകയുണ്ടായി. പ്രസ്തുത കേസിന്റെ അന്വേഷണം തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly